**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3341** **01-03-2023 - ൽ മറുപടിയ്ക്ക്**

**കൈവശ ഭൂമിക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൈവശ ഭൂമിക്ക് പട്ടയം വിതരണം ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പൂർത്തീകരിച്ചിട്ടില്ല. ഭൂമിയുടെ കൈവശക്കാർ അർഹതപ്പെട്ടവരാണെങ്കിൽ അവർക്കെല്ലാം പട്ടയം നൽകണം എന്നതാണ് സർക്കാർ നയം. സംസ്ഥാനത്ത് കൈവശഭൂമിക്ക് പട്ടയംവിതരണം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ പട്ടയമിഷൻ എന്ന പദ്ധതി രൂപീകരിച്ചിട്ടുള്ളതാണ്. എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയ മിഷൻ. മലയോര മേഖല, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തിര പ്രാധാന്യത്തെ പട്ടയം നൽകാനായി പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് കമ്മീഷണർ (LA) നേതൃത്വത്തിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലയിലും ഡെപ്യൂട്ടി കളക്ടർ (LR)ന്റെ നേതൃത്വത്തിൽ ജില്ലാ തല പട്ടയ മിഷനും എല്ലാ താലൂക്കിലും ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ താലൂക്ക് തല പട്ടയ മിഷനും രൂപീകരിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർ നടപടികൾ താലൂക്ക് തലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ആഴ്ച തോറും ലാൻഡ് റവന്യൂ കമ്മീഷണർ വിലയിരുത്തുന്നുണ്ട്. നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ് ) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവ പരിഹരിക്കുന്നതിനായി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകളുടേയോ അല്ലെങ്കിൽ ചട്ടഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയിൽ സർക്കാരിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എവിടെയെല്ലാം പട്ടയം വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പട്ടയവിതരണം നടത്തിയിട്ടുണ്ട്. |
| (സി) | വനം , റവന്യൂ വകുപ്പുകൾ തമ്മിൽ നിലവിലുള്ള കേസുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പട്ടയ വിതരണം തടസ്സപ്പെട്ടത്; പ്രസ്തുത കേസുകളുടെ വിശദാംശം അറിയിക്കുമോ; പട്ടയ വിതരണം മുടങ്ങിയ പ്രദേശങ്ങളിൽ പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (സി) | 1977 ന് മുൻപ് വനഭൂമിയിൽ കുടിയേറിയവർക്കാണ് 1993ലെ ചട്ടപ്രകാരം വനഭൂമിയിൽ പട്ടയം നൽകുന്നത്. 1980-ലെ വനസംരക്ഷണ നിയമ പ്രകാരം ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. ഇതിനായി വനം-റവന്യൂ വകുപ്പുകൾ സംയുക്ത സർവ്വേ നടത്തി പരിവേഷ് പോർട്ടലിൽ കേന്ദ്ര അനുമതിക്കായി അയക്കണം. വനം-റവന്യൂ സംയുക്ത സർവ്വേയിൽ അതിർത്തി സംബന്ധിച്ച് ചില തർക്കങ്ങൾ ഉണ്ടാകാറുണ്ട്. ഇത്തരം തർക്കങ്ങൾ രേഖകളുടെ അടിസ്ഥാനത്തിൽ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | വനം, റവന്യൂ എന്നീ വകുപ്പുകൾ തമ്മിൽ പ്രശ്നമുള്ള സ്ഥലങ്ങളിൽ സംയുക്ത സർവ്വേ നടത്തി വന ഭൂമിയും റവന്യൂ ഭൂമിയും വേർതിരിച്ച് ജണ്ട കെട്ടുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ഡി) | വനം, റവന്യൂ എന്നീ വകുപ്പുകൾ തമ്മിൽ സ്ഥലങ്ങളിൽ സംയുക്ത സർവ്വേ നടത്തി വന ഭൂമിയും റവന്യൂ ഭൂമിയും വേർതിരിച്ച് ജണ്ട കെട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ